**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 397** **14-03-2023 - ൽ മറുപടിയ്ക്ക്**

**കേരള സവാരി ഓൺ ലൈൻ വാഹന സർവീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം,<br>ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. എ. പ്രഭാകരൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ചില കേന്ദ്രങ്ങൾ തൊഴിലാളികളുടെ തൊഴിലിനുള്ള അവകാശം ഹനിക്കുന്ന തരത്തിൽ ഇടപെടുന്ന സാഹചര്യം ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് അനുയോജ്യമായ സാഹചര്യം സൃഷ്ടിക്കുന്നതോടൊപ്പം അസംഘടിത മേഖലയിലുൾപ്പെടെയുള്ള തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | തൊഴിൽ വകുപ്പിന് കീഴിലുള്ള ക്ഷേമനിധി ബോർഡുകളിൽ നിന്നും തൊഴിലാളികളുടെ തൊഴിലിനുള്ള അവകാശം ഹനിക്കുന്ന തരത്തിൽ യാതൊരു ഇടപെടലുകളും നടത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്ത് വിവിധ മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ പ്രശ്നങ്ങളിൽ ഇടപെടുന്നതിനും അവ പരിഹരിക്കുന്നതിനും തൊഴിൽ വകുപ്പിന് കഴിയുന്നുണ്ട്. അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതന വിതരണത്തിൽ സുതാര്യത ഉറപ്പ് വരുത്തുന്നതിലേയ്ക്കുമായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതിയിലൂടെ ഡിസംബർ 2022 വരെ 10,201 സ്ഥാപനങ്ങളിൽ നിന്നും 4,63,488 ജീവനക്കാർക്ക് 12,475.42 കോടി രൂപയോളം വിതരണം നടത്തിയിട്ടുണ്ട്. തൊഴിൽ വകുപ്പ് ആരംഭിച്ച കോൾസെന്റർ മുഖേന വകുപ്പ് കൈകാര്യം ചെയ്യുന്ന വിഷയങ്ങളുമായി ബന്ധപ്പെട്ട് ലഭ്യമാകുന്ന സംശയങ്ങളും പരാതികളും 155214/1800 42555 214 എന്നീ നമ്പരുകളിൽ രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെയുള്ള സമയത്ത് വിളിച്ച് പരിഹാരം കാണാവുന്നതാണ്. ഹെൽപ്പ് ലൈനിലൂടെ ലഭിക്കുന്ന പരാതികൾ തത്സമയം രജിസ്റ്റർ ചെയ്യപ്പെടുകയും അതാത് ഇൻസ്പെക്ടർമാർക്ക് യഥാസമയം തന്നെ അതിന്മേൽ നടപടി സ്വീകരിക്കുന്നതിനും കഴിയുന്നു. |
| (ബി) | വിവിധ ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | തൊഴിൽ വകുപ്പിനു കീഴിലുള്ള 8 ക്ഷേമനിധി ബോർഡുകളിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ശേഷിക്കുന്ന 8 ബോർഡുകളിൽ ടി സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ |

| | | | |
|---|---|---|---|
| | | | സ്വീകരിച്ചു വരുന്നു. അപേക്ഷകൾ സമർപ്പിക്കുന്നതിനും ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനുമായി ഓൺലൈൻ സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികളും വിവര സാങ്കേതിക വിദ്യയുടെ സേവനം പ്രയോജനപ്പെടുത്തി പ്രവർത്തനം കൂടുതൽ കാര്യക്ഷമവും സുതാര്യവും ഫലപ്രദവുമായി നടപ്പിലാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. അംഗങ്ങളുടെ രജിസ്ട്രേഷൻ നടത്തുന്നതിനും ദ്വയാംഗത്വം പരിശോധിക്കുന്നതിനുമായി തൊഴിൽ വകുപ്പും കെൽട്രോണുമായി സഹകരിച്ച് AIIS എന്ന ഒരു സോഫ്റ്റ് വെയർ വികസിപ്പിച്ചെടുത്തിട്ടുണ്ട്. തൊഴിൽ വകുപ്പിന്റെ അദാലത്തുകൾ നിശ്ചിത കാലയളവുകളിൽ നടത്തി സെസ്സ് പിരിവ് ഊർജ്ജിതമാക്കുന്നതിനുള്ള നടപടികളും കൈക്കൊണ്ടുവരുന്നു. ജീവനക്കാരുടെ ഹാജർ നില കൃത്യമായി പരിശോധിക്കുന്നതിനായി പഞ്ചിംഗ് സംവിധാനം നടപ്പിലാക്കി വരുന്നു. കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ബോർഡിൽ മുഴുവൻ തൊഴിലാളികളെയും പദ്ധതിയിൽ അംഗങ്ങളാക്കുന്നതിന്റെ ഭാഗമായി ഓരോ ജില്ലയിലും കോർപ്പറേഷൻ/ മുൻസിപ്പാലിറ്റി/ പഞ്ചായത്ത് തലത്തിൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയും അതുവഴി ആ പ്രദേശത്തെ മുഴുവൻ സ്ഥാപനങ്ങളെയും ബോർഡിൽ രജിസ്റ്റർ ചെയ്യിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ പുതിയ അംഗങ്ങളെ ചേർക്കുന്നതിന് അംഗത്വ വിതരണ ക്യാമ്പെയിനുകൾ, ബോധവത്കരണ ക്ലാസ്സുകൾ, ആനുകൂല്യ വിതരണ മേളകൾ എന്നിവ സംഘടിപ്പിച്ചുവരുന്നുണ്ട്. |
| (സി) | മോട്ടോർ വാഹന തൊഴിലാളി ക്ഷേമനിധി ബോർഡ് ആരംഭിച്ച കേരള സവാരി ഓൺ ലൈൻ വാഹന സർവീസ് വിശ്വാസ്യതയുള്ള ഓൺ ലൈൻ സേവനദാതാവെന്ന നിലയിൽ വളർത്തിയെടുക്കാൻ കഴിഞ്ഞിട്ടുണ്ടോ; | (സി) | കേരള മോട്ടോർ വാഹന തൊഴിലാളി ക്ഷേമനിധി ബോർഡിന് കീഴിൽ പൈലറ്റ് അടിസ്ഥാനത്തിൽ തിരുവനന്തപുരം നഗര പരിധിയിൽ ആരംഭിച്ചിട്ടുള്ള കേരള സവാരിയിൽ ഇതുവരെ 1552 ഓട്ടോറിക്ഷകളും 340 ടാക്സികളും അംഗങ്ങളാവുകയും 16448 യൂസർമാർ ആപ്ലിക്കേഷൻ ഇൻസ്റ്റാൾ ചെയ്യുകയും 2234 റൈഡുകൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇത് കൂടുതൽ പേരിൽ എത്തിക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ നടന്നുവരുന്നു. |
| (ഡി) | തൊഴിലാളികളുടെയും യാത്രക്കാരുടെയും താല്പര്യം പരിഗണിച്ച് കേരള സവാരി പദ്ധതി സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കാൻ തീരുമാനമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ഡി) | തിരുവനന്തപുരം നഗര പരിധിയിൽ പൈലറ്റ് അടിസ്ഥാനത്തിൽ ആരംഭിച്ച കേരള സവാരി പദ്ധതി തൃശ്ശൂർ, എറണാകുളം നഗരങ്ങളിൽ കൂടി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ |

| | | | |
|---|---|---|---|
| | | | പുരോഗമിച്ചുവരുന്നു. ഇത് സംസ്ഥാന വ്യാപകമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ കാലക്രമത്തിൽ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ